കൾ ജലജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ എപ്രകാരം സഹായിക്കാൻ കഴിയും എന്നതിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണ്.

113. ലോകബാങ്ക് സഹായത്തോടെ 450 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് എൺവയോൺമെന്റൽ സാനിട്ടേഷൻ പ്രോജക്ട് എന്ന പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പ്രോജക്ടിനായി 5 കോടി രൂപ ബഡ്ജറ്റിൽ ഞാൻ വകയിരുത്തിയിട്ടുണ്ട്.

114. ജലവിതരണം ഭാഗികമായോ പൂർണ്ണമായോ എത്തിയിട്ടില്ലാത്ത വാസസ്ഥലങ്ങളിലേയ്ക്ക് ആളോഹരി പ്രതിദിനം 40 ലിറ്റർ വെള്ളം ലഭ്യമാകത്തക്ക രീതിയിൽ ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് ഞാൻ 35 കോടി രൂപ വകയിരുത്തുന്നു.

തൊഴിൽ

115. സർക്കാർ പ്രഖ്യാപിച്ച 'ലേബർ അജണ്ട 2000', കേരളത്തിലെ തൊഴിലാളികളെ 21-ാം നൂറ്റാണ്ടിലേയ്ക്ക് സജ്ജരാക്കുന്നതിന് തയ്യാറാക്കിയ സമഗ്രമായ ഒരു പരിപാടിയാണ്. ഈ പരിപാടിയുടെ നടത്തിപ്പിന്റെ സംയോജനത്തിനും നിരീക്ഷണത്തിനുമായി 'ലേബർ മിഷൻ' എന്ന പേരിൽ ഒരു അപെക്സ് കോ-ഓർഡിനേഷൻ ബോഡി രൂപീകരിച്ചിട്ടുണ്ട്. 3 കോടി രൂപ ഇതിനായി ഞാൻ ബഡ്ജറ്റിൽ മാറ്റിവയ്ക്കുന്നു.

116. സംസ്ഥാനത്ത് സ്വകാര്യ പൊതുമേഖലകളിലെ തൊഴിലാളികളുടെ പൊതുക്ഷേമം സംരക്ഷിക്കാനും, അതുവഴി, അനുയോജ്യമായ ഒരു തൊഴിൽ അന്തരീക്ഷം വികസിപ്പിക്കുന്നതിനു വേണ്ടി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് അനുരജ്ഞനസാമർത്ഥ്യവും നിയമപരമായ പരിജ്ഞാനവും പരിശീലനത്തിലൂടെ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തിനായി 10 ലക്ഷം രൂപ ഞാൻ ബഡ്ജറ്റിൽ വകയിരുത്തുന്നു.

117. 25 ലക്ഷം രൂപ ചെലവിൽ ഒരു ഒക്യുപേഷണൽ ഡിസീസ് ഡിറ്റക്ഷൻ ആൻഡ് ട്രീറ്റ്മെന്റ് സെന്റർ സംസ്ഥാനത്ത് സ്ഥാപിക്കുന്നതാണ്.

118. സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ പെൻഷനിൽ പ്രതിമാസം 20 രൂപ വർദ്ധനവ് പ്രഖ്യാപിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിനായി ഞാൻ 6 കോടി രൂപ വകയിരുത്തുന്നു.

119. സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പദ്ധതി കൂടുതൽ തൊഴിലാളികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ലൈറ്റ് മോട്ടോർ വാഹന തൊഴിലാളികളെ (ഓട്ടോ-ടാക്സി-ടെമ്പോ) നിലവിലുള്ള മോട്ടോർ വെഹിക്കിൾ വെൽഫയർ സ്കീമിൽ പെടുത്തുന്നതാണ്.

ട്രഷറികൾ

120. ട്രഷറി കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ പൈലറ്റ് ഫെയ്സ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

121. പ്ലാൻ ഫണ്ടിൽ 3 കോടി രൂപ ഈ പ്രോജക്ടിനായി ഞാൻ മാറ്റിവയ്ക്കുന്നു. ഈ വർഷം അവസാനിക്കുന്നതിനുമുമ്പായി 5 കോടി രൂപ അധിക സഹായം നൽകാൻ കഴിഞ്ഞ ആഴ്ചയിൽ കൂടിയ പ്ലാനിംഗ് കമ്മീഷൻ യോഗത്തിൽ തീരുമാനിച്ചത് അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. 97-98-ൽ പ്ലാനിംഗ് കമ്മീഷൻ 5 കോടി രൂപ നൽകിയതിനു പുറമേയാണിത്.

122. നവംബർ രണ്ടായിരത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ട്രഷറികളിലേയ്ക്കും ഈ പ്രോജക്ട് വ്യാപിപ്പിക്കുന്നതാണ്.

റവന്യൂ

123. സർക്കാർ ഇതുവരെ നടത്തിയിട്ടുള്ളതിൽവച്ച് ഏറ്റവും സമഗ്രമായ പുന:സംഘടനയാണ് റവന്യൂ വകുപ്പിൽ പൂർത്തിയാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും 2000-2001-ൽ റവന്യൂ കാർഡ് നൽകുന്നതാണ്. ഇത്, സർട്ടിഫിക്കറ്റുകൾ നൽകുന്നതിലുള്ള കാലതാമസം ഗണ്യമായി കുറയ്ക്കുന്നതാണ്. ദരിദ്രരേയും അധ:സ്ഥിതരേയും നാളിതുവരെ അലട്ടിയിരുന്ന പ്രശ്നത്തിനുള്ള പരിഹാരം കൂടിയാണ് റവന്യൂ കാർഡ്.

124. വില്ലേജ് ഓഫീസ്, താലൂക്കാഫീസ്, കളക്ടറേറ്റ്, സെക്രട്ടേറിയറ്റ് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു വിവര ശേഖര ശൃംഖല കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ വരും വർഷം പ്രാവർത്തികമാക്കുന്നതാണ്.

125. സിവിൽ സ്റ്റേഷനില്ലാത്ത ഏക ജില്ലയാണ് തിരുവനന്തപുരം. കവടിയാർ സ്കൂയറിനടുത്ത് 3.25 ഏക്കർ വിസ്തൃതിയുള്ള സ്ഥലം സിവിൽ സ്റ്റേഷനുവേണ്ടി കണ്ടെത്തിയിട്ടുണ്ട്. 2000-2001-ൽ ഇതിന്റെ പണി ആരംഭിക്കുന്നതാണ്.

126. സർവ്വേ വകുപ്പ് ഈ വർഷം ശാസ്ത്രീയമായി പുന:സംഘടിപ്പിക്കുന്നതാണ്. സർവ്വെ വകുപ്പിലെ കാലഹരണപ്പെട്ട ഉപകരണങ്ങൾ മാറ്റി കമ്പ്യൂട്ടർ-ഇലക്ട്രോണിക്വൽകൃത ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണ്. കേന്ദ്രസഹായമുള്ള രണ്ട് പൈലറ്റ് പ്രോജക്ടുകൾ വഴി റവന്യൂ മാപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പണി ഏറ്റെടുത്തിട്ടുണ്ട്. കോട്ടയത്ത് രണ്ട് താലൂക്കുകളും എറണാകുളത്ത് മൂന്ന് താലൂക്കുകളും ഈ പൈലറ്റ് പ്രോജക്ടിന്റെ പരിധിയിൽ വരുന്നതാണ്. വരും വർഷം, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഉപയോഗിച്ചുള്ള ഒരു സാറ്റലൈറ്റ് സർവ്വെ ഈ വകുപ്പിൽ ഏർപ്പെടുത്തുന്നതാണ്.

127. റവന്യൂ വകുപ്പിനായി 114.07 കോടി രൂപ ഞാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

128. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമം മെച്ചപ്പെടുത്താൻ ഈ സർക്കാർ പരിശ്രമിക്കുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നൽകുകയെന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാണ് മൈത്രീഭവന പദ്ധതിക്ക് തുടക്കമിട്ടത്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 161 ഗ്രാമപഞ്ചായത്തുകളെ ഈ പദ്ധതിയിൻകീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

also underway for obtaining financial assistance from HUDCO for new water supply schemes in Alappuzha, Ernaklulam and Thiruvananthapuram Districts and for the uncovered areas of the Thiruvananthapuram Sewerage scheme. The scheme in Alappuzha and Ernakulam will lay special emphasis on how best the regions most prone to outbreak of waterborne diseases can be helped.

113. The new project Kerala Rural Water Supply and Environmental Sanitation Project at a total expected outlay of about Rs. 450 cr. is being implemented with World Bank Assistance. I have provided Rs. 5 cr. for this project in the budget.

114. To increase the quantum of coverage in non-covered and partially covered habitations to 40 lpcd, I have provided an allocation of Rs. 35 cr.

Labour

115. The Labour Agenda 2000 announced by Government is a comprehensive charter of programmes drawn up to equip the labourers of Kerala for the 21st century. Government have constituted an Apex Co-ordination Body viz the Labour Mission to co-ordinate and monitor the implementation of these programmes. I am setting apart Rs. 3 cr. for this in my budget.

116. Improving conciliation skills and legal acumen of the officers in the Labour Department through training are prerequisits for safeguarding the general welfare of workers both in public and private sector and for developing a congenial labour atmosphere in the State. To this end, I am allocating Rs. 10 lakhs in the Budget.

117. An Occupational Disease Detection and Treatment Centre will be set up in the State at a cost of Rs. 25 lakhs.

118. I am also happy to announce an increase of Rs. 20 in the monthly pension for agricultural workers in the State, and shall be providing Rs. 6 cr. for this.

119. As a part of extending social security coverage to more workers in the State, I am glad to announce that Light Motor Vehicle (Auto, Taxis, Tempos) workers will also be included in the existing Motor Vehicles Welfare Scheme.

Treasuries

120. The pilot phase of the Treasuries Computerisation Programme has been operationalised in the District Treasury, Thiruvananthapuram.

121. In this budget I am setting apart Rs. 3 cr. as Plan allocation for this project. I am happy to announce that the Planning Commission has decided in its meeting last week to give us an additional assistance of Rs. 5 cr. before the end of this financial year. This is in addition to the Rs. 5 cr. given by the Planning Commission in 1997-98.

122. The project will be extended to all the Treasuries in the State by November 2000.

LIBRARY ARCHIVES Kerala Legislative Assembly